**നാലാളറിയട്ടെ, കൈപ്പുണ്യം... അയൽക്കൂട്ട വനിതകൾക്കായി ജാക്ക് ഫ്രൂട്ട് ചലഞ്ച്**

ലോക്ക് ഡൗൺ കാലത്ത് അയൽക്കൂട്ട വനിതകളായ വീട്ടമ്മമാരെ അങ്ങനെ വെറുതേയിരുത്താനൊന്നും കുടുംബശ്രീ തയ്യാറല്ല. എറണാകുളം ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ വനിതകളുടെ കലാപരമായ കഴിവുകൾ വളർത്തുന്നതിനും വിരസതയകറ്റുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കിയതു കൂടാതെ ഇവരുടെ കൈപ്പുണ്യത്തിന്റെ മികവു കൂടി അളക്കുകയാണ് ഇപ്പോൾ. ഇക്കുറി പാചക മത്സരമാണ് ഇവർക്കായി സംഘടിപ്പിക്കുന്നത്. വെറും പാചക മത്സരമല്ല. ജാക്ക് ഫ്രൂട്ട് ചലഞ്ച് എന്നു പേരിട്ടിരിക്കുന്ന മത്സരത്തിൽ ജില്ലയിലെ ഏതൊരു അയൽക്കൂട്ട വനിതയ്ക്കും പങ്കെടുക്കാം. മെയ് ഒന്നു മുതൽ പത്തു വരെ സംഘടിപ്പിക്കുന്ന പാചക മത്സരത്തിൽ ഇതിനകം നിരവധി വനിതകൾ തങ്ങളുടെ കൈപ്പുണ്യം പ്രകടിപ്പിക്കുന്നതിന് ആവേശത്തോടെ മുന്നോട്ടു വന്നുകഴിഞ്ഞു.

ലോക്ക് ഡൗൺ ആയാലും അല്ലെങ്കിലും വീട്ടമ്മമാരുടെ ദിവസത്തിൽ നല്ലൊരു പങ്കും അടുക്കളയിൽ ചെലവഴിക്കേണ്ടി വരും. അത്രയൊന്നും അംഗീകരിക്കപ്പെടാതെ പോകുന്ന അവരുടെ കൈപ്പുണ്യത്തിന്റെ സ്വാദ് നാലു പേരറിയാനുള്ള വഴിയാണ് ജില്ലാമിഷൻ ഇപ്പോൾ സംഘടിപ്പിക്കുന്ന ജാക്ക് ഫ്രൂട്ട് ചലഞ്ച്. മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ചേരുവകൾ തേടി അധികം അലയേണ്ട. ഈ സീസണിൽ ഏറ്റവും സുലഭമായ ചക്ക ഉപയോഗിച്ച് വ്യത്യസ്ത ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കുന്ന ചലഞ്ച് ആണ് ഉദ്ദേശിച്ചിരിക്കുന്നത്. വീട്ടുമുറ്റത്തു നിന്നു തന്നെയോ പ്രാദേശികമായോ വേ ഗത്തിൽ ലഭിക്കുന്നതാണ് ചക്ക. ഇതുപയോഗിച്ച് തനിമയാർന്ന നാടൻ ഭക്ഷ്യവിഭവങ്ങൾ ഉണ്ടാക്കുന്നതിന്റെ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള ഒരു വീഡിയോയും തയ്യാറാക്കിയ

വിഭവത്തിന്റെ ഒരു ഫോട്ടോ, കൂടാതെ ഇതിന്റെ പാചകക്കുറിപ്പ്, മത്സരാർത്ഥിയുടെ പേര് എന്നിവ സഹിതം അതത് സി.ഡി.എസിനു സമർപ്പിക്കണം. സ്ഥിരമായി തയ്യാറാക്കുന്ന വിഭവങ്ങളല്ല, മറിച്ച് ചക്ക കൊണ്ട് സ്വാദിഷ്ടവും വൈവിധ്യമാർന്നതുമായ ഉൽപന്നങ്ങളാണ് ഉണ്ടാക്കേണ്ടത്. പാചകത്തിൽ ആവശ്യം പോലെ മനോധർമ്മം പ്രകടമാക്കാം. പക്ഷേ സ്വാദ് കിടിലനാകണം എന്നു മാത്രം.

ജില്ലയിലാകെ 101 സി.ഡി.എസുകളാണുള്ളത്. ഇതിൽ ഓരോ സി.ഡി.എസിൽ നിന്നും എത്ര അംഗങ്ങൾക്കു വേണമെങ്കിലും പങ്കെടുക്കാം. ഓരോ സി.ഡി.എസിലും ലഭിക്കുന്ന എൻട്രികൾ സി.ഡി.എസിന്റെയും പാചകരംഗത്തെ വിദഗ്ധരുടെയും നേതൃത്വത്തിൽ പരിശോധിച്ച് ഒരു സി.ഡി.എസിൽ നിന്നും ഒരു വിജയിയെ തിരഞ്ഞെടുക്കും. അതിനുശേഷം ഇവിടെ നിന്നും തിരഞ്ഞെടുക്കുന്ന വിജയികളുടെ എൻട്രി ബ്ളോക്ക്തല മത്സരത്തിനായി അയക്കും. ബ്ളോക്ക് തലത്തിൽ ആകെ 14 പേരെയാണ് തിരഞ്ഞെടുക്കുക. ഇതിൽ നിന്നും ജില്ലാതലത്തിൽ ഏറ്റവും മികച്ച മൂന്നു പേരെ വിജയികളായി കണ്ടെത്തും. ഇതിനായി കുടുംബശ്രീ ഐഫ്രത്തിന്റെ (അദേഭാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് റിസർച്ച് ആൻഡ് മാനേജ്മെന്റ്) പിന്തുണയും തേടും. സി.ഡി.എസ് ബ്ളോക്ക്തല മത്സരങ്ങൾ നടത്തുന്നതിനുള്ള ചുമതല ജില്ലയിലെ കുടുംബശ്രീ ബ്ളോക്ക് കോഓർഡിനേറ്റർമാർക്കാണ്. മെയ് 15നകം വിജയികളെ കണ്ടെത്തും. ലോക്ക് ഡൗൺ അവസാനിക്കുന്ന മുറ ജില്ലാമിഷൻ സംഘടിപ്പിക്കുന്ന പ്രമുഖ പരിപാടിയിൽ ഇവർക്ക് സമ്മാനങ്ങൾ നൽകും.